ഉത്തരം

(എ) ഈറ്റ-കാട്ടുവള്ളി, തഴ തൊഴിലാളികൾക്ക് വേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് 2000 ആഗസ്റ്റിലാണ് നിലവിൽ വന്നത്. ഈ ബോർഡ് നിലവിൽ വരുന്നതിനു മുമ്പ് അർഹതപ്പെട്ട പല തൊഴിലാളികളും നേരത്തെയുണ്ടായിരുന്ന കൈത്തൊഴിലാളി/വിദഗ്ദ്ധ തൊഴിലാളി പദ്ധതിയിൽ അംഗത്വമെടുത്തിരുന്നു. ഇവരിൽ ചിലർ വീണ്ടും പുതിയ പദ്ധതിയിൽ ചേർന്നു. ബാക്കിയുള്ളവർ പഴയ പദ്ധതിയിൽ ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. എന്നാൽ മുൻ പദ്ധതിയിൽ പ്രത്യേക കോഡ് നമ്പർ ഇല്ലാത്തതിനാൽ ഈ തുക വേർത്തിരിച്ചു ഒരുമിച്ചു നൽകുവാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ ഇവർ നേരത്തെ അടച്ച തുക സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്തി ഉടൻ ഇത് പുതിയ പദ്ധതിയിലേക്ക് കൈമാറുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) തൊഴിലാളികളുടെ അംശാദായ അടവ് സംബന്ധിച്ച രേഖകൾ കൈത്തൊഴിലാളി ബോർഡിന്റെ ബന്ധപ്പെട്ട ആഫീസിൽ ഹാജരാക്കി പരിശോധിച്ച് തിട്ടപ്പെടുത്തിയതിനുശേഷം കാലവിളംബം കൂടാതെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ഈറ്റ, കാട്ടുവള്ളി ബോർഡിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തയ്യൽ തൊഴിലാളികളുടെ ആനുകൂല്യം

64 [2836] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് തയ്യൽ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നുണ്ടോ;

(ബി) ക്ഷേമനിധിയിൽ 2004 ഡിസംബർ അവസാനം വരെ എന്തു തുക യുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ക്ഷേമനിധി ആനുകൂല്യങ്ങൾ കുടിശ്ശികയുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ക്ഷേമനിധിയിൽ അംഗമായിട്ടുള്ളവരുടെ ആശ്രിതർക്ക് എന്തെല്ലാം ആനുകൂല്യമാണ് ഇപ്പോൾ നൽകിവരുന്നത്; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഇ) വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 2004-ൽ ആശ്രിതർക്ക് വിദ്യാഭ്യാസ ആനുകൂല്യമായി എന്തു തുക നൽകി; ആർക്കെല്ലാമാണ് ആനുകൂല്യം നൽകിയതെന്നും എത്ര പേർക്ക് നൽകിയെന്നു മുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) നൽകുന്നുണ്ട്.

(ബി) തയ്യൽ തൊഴിലാളി ക്ഷേമ നിധിയിൽ 2004 ഡിസംബർ അവസാനം വരെ 17.50 കോടി രൂപയുണ്ട്.

(സി) കുടിശ്ശികയില്ല.

(ഡി) ക്ഷേമനിധിയിൽ അംഗമായിട്ടുള്ളവരുടെ ആശ്രിതർക്ക് വിദ്യാഭ്യാസാനുകൂല്യം, വിവാഹാനുകൂല്യം, കുടുംബ പെൻഷൻ, മരണാനന്തരാനുകൂല്യം എന്നിവ നൽകാറുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

വിദ്യാഭ്യാസാനുകൂല്യം

(1) ക്യാഷ് അവാർഡ് :—ഈ ക്ഷേമനിധിയിലെ അംഗങ്ങളുടെ മക്കളിൽ എസ്.എസ്.എൽ.സി.-ക്ക് ജില്ലയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന 5 പേർക്ക് 500 രൂപ വീതം നൽകാറുണ്ട്. തയ്യൽ തൊഴിലാളികളുടെ മക്കളുടെ അപേക്ഷകളിൽ സംസ്ഥാനത്തിൽ ഉയർന്ന മാർക്കു നേടുന്ന ഒരു കുട്ടിക്ക് 2005 മാർച്ച് മുതൽ ഒരു സ്വർണ്ണമെഡൽ നൽകുവാൻ തീരുമാനമുണ്ട്.

(2) സ്കോളർഷിപ്പ് :—ഓരോ ജില്ലയിലും ഹയർ സെക്കണ്ടറിയിൽ പ്രവേശനം നേടുമ്പോൾ ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ 5 പേർക്ക് പ്രതിവർഷം 600 രൂപ വീതം സ്കോളർഷിപ്പ് നൽകുന്നുണ്ട്. കൂടാതെ ബി.എ., ബി.എസ്സി. ബി. കോം, എന്നീ കോഴ്സുകൾക്ക് ജില്ലയിൽ ഒരാൾക്കുവീതം പ്രതിവർഷം 700 രൂപ വീതവും എം.ബി.ബി.എസ്., എൻജിനീയറിംഗ്, ബി.എ.എം.എസ്., ബി.എച്ച്.എം.എസ്., ബി.വി.എസ്സി., ബി.എസ്സി. (അഗ്രി), ബി.ഡി.എസ്. എന്നീ കോഴ്സുകൾക്ക് ജില്ലയിൽ ഒരാൾക്കുവീതം പ്രതിവർഷം 3000 രൂപ വീതവും, പോളിടെക്നിക്, എം.ബി.എ., എം.സി.എ., ബി.ഫാം, ബി.എസ്സി. നേഴ്സിംഗ്, എൽ.എൽ.ബി. (3 വർഷവും 5 വർഷവും), ഡി.എച്ച്.എം.എസ്. എന്നീ കോഴ്സുകൾക്ക് ജില്ലയിൽ ഒരാൾക്കുവീതം പ്രതിവർഷം 2000 രൂപ വീതവും നൽകുന്നുണ്ട്.

(3) വിവാഹാനുകൂല്യം :—ക്ഷേമനിധി അംഗങ്ങളുടെ രണ്ടു പെൺമക്കൾക്ക് ആയിരം രൂപ വീതം വിവാഹാനുകൂല്യം നൽകുന്നുണ്ട്.

(4) കുടുംബ പെൻഷൻ :—ക്ഷേമനിധിയിൽ 60 വയസ്സു പൂർത്തിയായി റിട്ടയർ ചെയ്ത് പെൻഷൻ വാങ്ങിക്കൊണ്ടിരുന്ന അംഗം മരണപ്പെടുമ്പോൾ അംഗത്തിന്റെ ഭാര്യ/ഭർത്താവിന് കുടുംബ പെൻഷൻ പ്രതിമാസം 100 രൂപ വീതം അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(5) മരണാനന്തര ആനുകൂല്യം :—ക്ഷേമനിധിയിലെ ഒരംഗം മരണപ്പെടുകയാണെങ്കിൽ നിയമാനുസൃത അവകാശിക്ക് 10,000 രൂപ മരണാനന്തരാനുകൂല്യം നൽകുന്നുണ്ട്.

(ഇ) ഇല്ല. ക്ഷേമനിധിയിൽ അംഗത്വം നേടി ഒരു വർഷം പൂർത്തിയാക്കിയ അംഗങ്ങളുടെ മക്കൾക്ക് മാർക്കിന്റെ അടിസ്ഥാനത്തിൽ വിദ്യഭ്യാസാനുകൂല്യം നൽകുന്നുണ്ട്.

(എഫ്) 2004-ൽ 183 പേർക്ക് മൊത്തം 1,69,500 രൂപ വിദ്യാഭ്യാസാനുകൂല്യമായി നൽകിയിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

മെഡിക്കൽ ഷോപ്പ് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

65 [2837] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ ഷോപ്പുകളിൽ ഫാർമസിസ്റ്റിനോടൊപ്പം ജോലി ചെയ്യുന്ന സെയിൽസ്മാൻമാരായ തൊഴിലാളികൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ മെഡിക്കൽ ഷോപ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ നിർണ്ണയിക്കുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുമോ;

(സി) മെഡിക്കൽ ഷോപ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പെൻഷൻ, ചികിൽസ, വിദ്യാഭ്യാസം, വിവാഹ സഹായം, ഭവന നിർമ്മാണം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകത്തക്ക നിലയിൽ പ്രത്യേക ക്ഷേമനിധി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മെഡിക്കൽ ഷോപ്പ് ജീവനക്കാരുടെ മിനിമം വേജസ് കാലാവധി എപ്പോൾ അവസാനിച്ചു എന്ന് വ്യക്തമാക്കുമോ; മിനിമം വേജ് പുതുക്കി നിശ്ചയിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്രകാരമൊരു കണക്ക് എടുത്തിട്ടില്ല.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) കടകളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടിയുള്ള 'കേരളത്തിലെ കടകളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്കുള്ള ക്ഷേമനിധി ബിൽ' സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിയമമാകുമ്പോൾ മെഡിക്കൽ ഷോപ്പുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും അത്

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly